**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- ഡോ. ഹരികൃഷ്ണൻ.ആർ, ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് നിയമനംനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സ ഉ(സാധാ) നം. 682/2017/ആ.കു.വ തീയതി 07.03.2017
2. ഇ എ1- 33740(2)/17/ആ.കു.വ തീയതി 16.12.2017
3. മേലെഴുത്ത് ഇ എ6-1040/18/ആ.കു.വ തീയതി 05.01.2018
4. ഡോ. ഹരികൃഷ്ണൻ.ആർ സമർപ്പിച്ച അപേക്ഷ

**ഉത്തരവ് നം. ഇ.എ1- 1040/2018/ആ.വ.ഡ തീയതി 05.01.2018**

പരാമർശം (1) പ്രകാരം, പത്തനംതിട്ട റാന്നി പെരുനാട് സാമൂഹികാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജനായ ഡോ. ഹരികൃഷ്ണൻ.ആർ-ന് കൊല്ലം പാരിപ്പള്ളി മെഡിക്കൽ കോളേജിൽ സീനിയർ റസിഡന്റായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകി ഉത്തരവായിരുന്നു. എന്നാൽ പരാമർശം (2) പ്രകാരം, ഡോ. ഹരികൃഷ്ണൻ.ആർ -ന് ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) ആയി നിയമനം നൽകുകയും അന്യത്ര സേവന വ്യവസ്ഥയിൽ തുടരുവാൻ അനുമതി നൽകുകയും ചെയ്തിരുന്നു.

പരാമർശം (3) പ്രകാരം, അന്യത്ര സേവനം അവസാനിപ്പിച്ച് ആരോഗ്യവകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിപ്പിക്കാൻ നിയമന ഉത്തരവ് നൽകണമെന്ന് ആവശ്യപ്പെട്ട് ഡോ. ഹരികൃഷ്ണൻ.ആർ അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, ഡോ. ഹരികൃഷ്ണൻ.ആർ -നെ **പാലക്കാട് ചിറ്റൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ)** തസ്തികയിലേക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടിയാൻ ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്. മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**

**ഡോ. വി.ആർ.രാജു**
**അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്)**
**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**

സ്വീകർത്താവ്

ഡോ. ഹരികൃഷ്ണൻ.ആർ, ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ)

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം
2. പ്രിൻസിപ്പാൾ, ഗവൺമെന്റ് മെഡിക്കൽ കോളേജ് പാരിപ്പള്ളി, കൊല്ലം
3. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ
4. ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ
5. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**

**GOVERNMENT OF KERALA**

239712